ഉത്തരം

(എ) ജീവചരിത്രം, ചരിത്രം, നാടൻ കലാരൂപങ്ങൾ എന്നീ മേഖലകളിലായി 15 പുസ്തകങ്ങൾ പ്രസിദ്ധീകരിച്ചിട്ടുണ്ട്. പുസ്തകങ്ങളുടെ പട്ടിക അനുബന്ധമായി ചേർത്തിട്ടുണ്ട്.†

(ബി) 6 (ആറ്) പുസ്തകങ്ങൾ ഈ മേഖലകളിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്.

പെരുമ്പാവൂർ-ഇരിങ്ങോൾ കലാഗ്രാമത്തിന്റെ ശോചനീയാവസ്ഥ

51 (4090) ശ്രീ. സാജു പോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സാംസ്ക്കാരികവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള ലളിതകലാ അക്കാദമിയുടെ കീഴിലായിരുന്ന പെരുമ്പാവൂർ ഇരിങ്ങോൾ കലാഗ്രാമത്തിന്റെ ശോചനീയാവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) കലാഗ്രാമത്തിൽ ഇപ്പോൾ നടന്നുവരുന്ന പ്രവർത്തനങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ ;

(സി) കലാഗ്രാമം വിപുലീകരിക്കുന്നതിനും പുനരുദ്ധരിക്കുന്നതിനും നടപടി സ്വീകരക്കുമോ ?

ഉത്തരം

(എ-സി) പെരുമ്പാവൂർ നഗരസഭയുടെ വകയായുള്ള ഇരിങ്ങോൾ നാഗത്ത്ചേരിമന 1993 മുതൽ 10 വർഷത്തേയ്ക്ക് ലളിതകലാ അക്കാദമി 'കലാഗ്രാമം' എന്ന പേരിൽ ആർട്ടിസ്റ്റ് വർക്ക്ഷോപ്പ് ഉൾപ്പെടെയുള്ള പ്രവർത്തനങ്ങൾക്കായി പാട്ടത്തിനെടുക്കുകയായിരുന്നു. പാട്ടക്കാലാവധി നീട്ടിത്തരണമെന്ന അക്കാദമിയുടെ അഭ്യർത്ഥന നഗരസഭ നിരസിക്കുകയും വസ്തു വകകൾ ഏറ്റെടുക്കുകയും ചെയ്തതിനാൽ കലാഗ്രാമം തുടർന്നു നടത്താൻ കഴിയാത്ത അവസ്ഥയായി.

ശബരിമല തീർത്ഥാടകർക്ക് വിരി വയ്ക്കുവാൻ തിരുവിതാംകൂർ ദേവസ്വം ബോർഡിനെ ഏൽപ്പിച്ചിരുന്ന ഭൂമി

52 (4091) ശ്രീ. വി. ഡി. സതീശൻ :
ശ്രീ. വർക്കല കഹാർ :
ശ്രീ. കെ. അച്ചുതൻ :
ശ്രീ. എം. കെ. പോൾസൺ മാസ്റ്റർ :
ശ്രീ. എം. എ. ചന്ദ്രശേഖരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സാംസ്ക്കാരികവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2001-ൽ മരക്കൂട്ടത്ത് അടിക്കാട് വെട്ടി ശബരിമല തീർത്ഥാടകർക്ക് വിരിവയ്ക്കുവാൻ ആവശ്യമായ വന ഭൂമി തിരുവിതാംകൂർ ദേവസ്വം ബോർഡിനെ ഏൽപ്പിച്ചിരുന്നുവോ ;

---

† അനുബന്ധം VII

LIBRARY ARCHIVES Kerala Legislative Assembly